## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 6095**

07.07.2014 -ൽ മറുപടി നൽകേണ്ടത്

**2006-2007-ലെ ജനന രജിസ്ട്രേഷൻ ഫോറത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി**

**ചോദ്യം**

**ശ്രീ. ഇ. കെ. വിജയൻ**

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പു മന്ത്രി**

(എ) 2006-2007 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനന രജിസ്ട്രേഷനു വേണ്ടി ലഭ്യമാക്കിയ നിർദ്ദിഷ്ഠ ഫോറത്തിൽ മേൽവിലാസ സൂചന ഇല്ല എന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്. 2000 മുതൽ 2007 വരെയുള്ള ജനന രജിസ്ട്രേഷൻ ഫോറത്തിൽ മാതാപിതാക്കളുടെ മേൽവിലാസ രേഖപ്പെടുത്തുന്നതിന് കോളമില്ല. 1999-ലേയും 2007-ലേയും ജനന മരണ രജിസ്ട്രേഷൻ ഭേദഗതികൾ വന്നപ്പോൾ ഫോറത്തിന്റെ മാതൃകയിൽ വരുത്തിയ വ്യത്യാസമാണ് ഇതിന് കാരണം.

(ബി) ഇക്കാരണത്താൽ തുടർന്നുണ്ടായിട്ടുള്ള വിദ്യാർത്ഥികളുടെ പ്രവേശന നടപടികളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) ജനന രജിസ്ട്രേഷൻ എന്നത് ഒരു കുട്ടിയുടെ ജനന തീയതി തെളിയിക്കുന്ന ആധികാരിക രേഖയാണ്. ഇത് കുട്ടിയുടെ മാതാപിതാക്കളുടെ മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയായി കാണേണ്ടതില്ല. ഇതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശന നടപടികളിൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമയബന്ധിതമായി അനുബന്ധ വിഷയം പരിഹരിക്കുന്നതിനുള്ള നടപടി ഉണ്ടാവുമോ ; വ്യക്തമാക്കുമോ ?

(സി) ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം പ്രാബല്യത്തിൽ വന്ന ഫാറത്തിന്റേയും രജിസ്റ്ററിന്റേയും മാതൃകയിൽ മാതാപിതാക്കളുടെ മേൽവിലാസ രേഖപ്പെടുത്തുന്നതിന് കോളമില്ലായിരുന്നു. 2007-ലെ ജനന മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങളിലാണ് ജനന റിപ്പോർട്ടിംഗ് ഫാറത്തിലും രജിസ്റ്ററിലും കുട്ടിയുടെ ജനന സമയത്തെ മാതാപിതാക്കളുടെ മേൽവിലാസം മാതാപിതാക്കളുടെ സ്ഥിരമായ മേൽവിലാസവും ഉൾപ്പെടുത്തുന്നതിന് 06-03-2007-ൽ സർക്കാർ ഉത്തരവായിട്ടുള്ളത്. പ്രസ്തുത കാലയളവിൽ മേൽവിലാസം രേഖപ്പെടുത്തുന്നതിന് രജിസ്റ്ററിൽ കോളമില്ലാത്ത സാഹചര്യത്തിലും രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ മാത്രമേ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി നൽകാൻ കഴിയൂവെന്നതിനാലും 2000-2007 കാലയളവിലെ രജിസ്റ്ററിൽ മേൽവിലാസം രേഖപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ സർട്ടിഫിക്കറ്റിൽ റിമാർക്ക് ആയി ഇക്കാര്യം സൂചിപ്പിക്കാറുണ്ട്.

Vajeena
സെക്ഷൻ ഓഫീസർ